# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം.പി.ആർ. 95/2026 തിരുവനന്തപുരം, തീയതി: 12/05/2026

## പത്രക്കുറിപ്പ്

### പി.ജി. ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സിലേക്ക് അഡ്മിഷനുള്ള അപേക്ഷാതീയതി ദീർഘിപ്പിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടത്തി വരുന്ന പി.ജി. ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സിലേക്ക് (പാർട്ട്ടൈം ഈവനിംഗ് ബാച്ച്) 2026-2027 അധ്യയന വർഷത്തേക്ക് അഡ്മിഷനുള്ള അപേക്ഷ സ്വീകരിക്കുന്നത് 2026 മെയ് 18 വരെ നീട്ടിയിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ കേരളസർവകലാശാല അംഗീകാരമുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുന്നത്. https://pgdec.keralauniversity.ac.in അപേക്ഷ സമർപ്പിക്കാവുന്നതാണ്. അഡ്മിഷൻ പ്രോസ്പെക്ടസും കോഴ്സിന്റെ വിശദ വിവരങ്ങളും അപേക്ഷ പോർട്ടലിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471-2305738, 9809538287.

### പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി/പോളിമർ കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/കെമിസ്ട്രി (ന്യൂജെൻ) മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ആറാം സെമസ്റ്റർ ബിടെക് (2020 സ്കീം – റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2020, 2021 & 2022 അഡ്മിഷൻ), മെയ് 2026 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2025 നവംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ബിടെക് (2020 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 മെയ് 14 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ.VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |